**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **29.05.2019-ൽ മറുപടിക്ക്**

## ഗ്രീൻ കാർപ്പറ്റ് പദ്ധതി

ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. റ്റി.വി. രാജേഷ്
ശ്രീ. കെ. ആൻസലൻ
ശ്രീ. ഒ.ആർ. കേളു

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശ്രമ സങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ് ലറ്റ് സംവിധാനം, കഫറ്റീരിയ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി വകുപ്പ് "ഗ്രീൻ കാർപ്പറ്റ്" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കുടുംബശ്രീ മിഷൻ മുഖേന "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ" പദ്ധതിയിലൂടെയും, ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നും മാലിന്യം നീക്കി അവിടം ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന "ബാരിയർ ഫ്രീ" ടൂറിസം പദ്ധതി

| | | | |
|---|---|---|---|
| | | | പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ വകുപ്പ് തുടർച്ചയായി നടപ്പാക്കി വരുന്നുണ്ട്. |
| ബി) | ഇതിനായി നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | ബി) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പു വരുത്തുവാൻ പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ തുടങ്ങിയവരുടെ കൂട്ടായ്മ യിലൂടെയാണ് വകുപ്പ് 77 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഗ്രീൻ കാർപ്പറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് വേണ്ട സംഗതികൾ സമയബന്ധിത മായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും, പരാതിയും പരമാവധി ഒഴിവാക്കുന്നതിന് ഡെസ്റ്റിനേഷൻ മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>മതിയായ വെളിച്ച സംവിധാനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഈ ഡെസ്റ്റിനേഷനുകളിൽ ഏർപ്പെടുത്തി വരുന്നു. |
| സി) | സംസ്ഥാനത്തെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്ര | സി) | 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 77 ടൂറിസം കേന്ദ്രങ്ങളാണ് |

ങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഡി) വിനോദസഞ്ചാര കേന്ദ്ര ങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഡി) ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ശുചിത്വത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമാണ് ഊന്നൽ നൽകിയിട്ടുള്ളത്. സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യ ത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസം സെന്ററുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. എല്ലാ പ്രധാന ബീച്ചുകളിലും ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ അപകട മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം കോവളം ഡെസ്റ്റിനേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| Green Carpet | District& Destinations |
|---|---|
| **Thiruvananthapuram** | |
| 1 | Ponmudi |
| 2 | Kanakakkunu |
| 3 | Veli Tourist Village |
| 4 | Akkulam |
| 5 | Shankhumugham |
| 6 | Varkala |
| 7 | Kovalam |
| 8 | Kappil Backwaters |
| 9 | Neyyar |
| 10 | Aruvikkara |
| **Kollam** | |
| 11 | Ashramam (Adventure park, Children's park, Art's cafe) |
| 12 | Palaruvi |
| 13 | Thenmala |
| 14 | Kollam Beach |
| **Pathanamthitta** | |
| 15 | Aranmula |
| 16 | Perumthenaruvi |
| 17 | Konni |
| 18 | Adavi |
| **Alappuzha** | |
| 19 | Punnamada Finishing Point |
| 20 | Alappuzha Beach, Vijaya & Sea View Park |
| 21 | Thottappilly Spillway |
| 22 | Kayamkulam Boat Terminal |
| **Kottayam** | |
| 23 | Kumarakom |
| 24 | Kodimatha Park |
| **Idukki** | |
| 25 | Old Munnar Park |
| 26 | Ramakkalmedu |
| 27 | Vagamon |
| 28 | Thommankuthu Eco-Tourism |
| 29 | Mattupetty Dam |
| 30 | Hill View Park |
| 31 | Sree Narayanapuram |
| 32 | Thekkady |
| **Ernakulam** | |
| 33 | Bhoothathankettu |
| 34 | Cherai & Munambam |
| 35 | Ezhattumugham |
| 36 | Fort Kochi |
| 37 | Kuzhupilly |
| 38 | Malayattor & Manappaattu Chira |
| 39 | Marine Drive |
| 40 | Mattancherry |

| | |
|---|---|
| 41 | Muziris |
| | **Thrissur** |
| 42 | Snehatheeram Beach |
| 43 | Peechi Dam |
| 44 | Thumboormuzhi Dam and Butterfly Park |
| 45 | Vilangan Kunnu |
| 46 | Poomala |
| 47 | Vazhani dam |
| 48 | Athirappally |
| | **Palakkad** |
| 49 | Malampuzha |
| 50 | Kanjirapuzha |
| 51 | Velliam Kallu |
| | **Malappuram** |
| 52 | Kottakkunnu |
| 53 | Padinjarekkara beach |
| 54 | Karuvarakkundu |
| | **Kozhikode** |
| 55 | Sarovaram Biopark |
| 56 | Thusharagiri |
| 57 | Sargaalaya |
| 58 | Kappad Beach |
| 59 | Vadakara Sand Banks |
| | **Wayanad** |
| 60 | Kuruva Island |
| 61 | Edakkal Caves |
| 62 | Karlad |
| 63 | Pookode Lake |
| 64 | Kanthanpara Waterfalls |
| 65 | Priyadarshini Tea Estate |
| | **Kannur** |
| 66 | Puthiyangadi Choottad Beach |
| 67 | Vellikeel |
| 68 | Overburry's folly |
| 69 | Meenkunnu |
| 70 | Payyambalam |
| 71 | Dharmadam |
| 72 | Paithal Mala |
| 73 | Palakkayam |
| 74 | Chembilikundu |
| 75 | Pinarayi Padannakkara |
| | **Kasaragod** |
| 76 | Ranipuram |
| 77 | Bekal |